FAQ

جـــامـــعة الـــهند الإســـلامية
JAMIATHUL HIND AL ISLAMIYYA

# ജാമിഅതുൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ ഏകജാലക പ്രവേശനം

## പ്രധാന സംശയങ്ങളും മറുപടിയും

### ജാമിഅതുൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യയെ പരിചയപ്പെടുത്താമോ?

സമസ്ത കേരള ജംഇയ്യതുൽ ഉലമയുടെ ഇന്ത്യയിലെ ഏറ്റവും വലിയ അഫിലിയേറ്റിങ് ഇസ്‌ലാമിക് സർവകലാശാലയാണ് ജാമിഅതുൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ. കേരളത്തിലും ഇതര ദേശങ്ങളിലുമായി മുന്നൂറിലധികം അഫിലിയേറ്റഡ് കോളേജുകൾ, പതിനായിരത്തിലധികം വിദ്യാർത്ഥികൾ, 4000 അലുംനി, 2000+ മുദരിസുമാരും അധ്യാപകരും, 40+ പബ്ലിക്കേഷൻസ്, 3000 ഹാദി, മുഹ്തദി ബിരുദധാരികൾ തുടങ്ങി നവ വിദ്യാർത്ഥി മുന്നേറ്റങ്ങൾക്കായ് സജ്ജമായ വലിയ പഠനശൃംഖലയാണ് ജാമിഅതുൽ ഹിന്ദ്.

### ജാമിഅതുൽ ഹിന്ദ് ഏകജാലക സംവിധാനം എന്താണ്? വ്യക്തമാക്കാമോ?

വിദ്യാർത്ഥികൾക്ക് എട്ട്, പതിനൊന്ന് ക്ലാസുകളിലേക്ക് ജാമിഅതുൽ ഹിന്ദ് ഏകജാലകം വഴിയാണ് പ്രവേശനം ലഭിക്കുക. ഒറ്റ അപേക്ഷയും പരീക്ഷയും വഴി ജാമിഅതുൽ ഹിന്ദിന് കീഴിൽ പ്രവർത്തിക്കുന്ന മുന്നൂറിലധികം സ്ഥാപനങ്ങളിൽ വേഗത്തിൽ പ്രവേശനം നേടാനാകും.

അപേക്ഷക ൾ ഓൺലൈൻ വഴിയാണ് സ്വീകരിക്കുക. ശേഷം എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും നടക്കും. ഒന്ന്, രണ്ട്, സ്പോട് അലോട്മെന്റുകൾ വഴി വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാം. എഴുത്ത് പരീക്ഷ, ഇന്റർവ്യൂ, മറ്റു ഗ്രേസ് മാർക്കുകൾ എന്നിവ പരിഗണിച്ചായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതും ഇഷ്ടപ്പെട്ട സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നതും.

**പൊതുവിൽ മനസ്സിലാക്കപ്പെടുന്ന 'ഏകജാലക സംവിധാനത്തിന്'സമാനമാണോ ജാമിഅതുൽ ഹിന്ദ് ഏകജാലകവും?**

അതെ, ഇവിടെയും വിദ്യാർത്ഥികൾ തന്നെയാണ് അവർക്കിഷ്ടപ്പെട്ട സ്ഥാപനം തിരഞ്ഞെടുക്കുന്നത്. റാങ്കടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത സ്ഥാപനം ലഭിക്കുകയും ചെയ്യും. NEET, KEAM പരീക്ഷകളുടെ ഏകദേശ മാതൃക തന്നെയാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളത്.

**എൻട്രൻസ് എക്സാമിന് (J-SAT പരീക്ഷക്ക്) എങ്ങനെയാണ് അപേക്ഷിക്കുക?**

J-SAT എന്ന പ്രവേശനപരീക്ഷ വഴിയാണ് വിദ്യാർത്ഥികളുടെ റാങ്ക് തീരുമാനിക്കുന്നതും പ്രവേശനം ലഭിക്കുന്നതും. www.jamiathulhind.com എന്ന വെബ്സൈറ്റ് വഴി എൻട്രൻസ് എക്സാമിന് അപേക്ഷകൾ സമർപ്പിക്കാം.

**പ്രവേശന പരീക്ഷയ്ക്ക് പ്രായപരിധിയുണ്ടോ? ആർക്കൊക്കെ അപേക്ഷിക്കാം?**

ഉണ്ട്. ഉയർന്ന പ്രായപരിധി എട്ടാം ക്ലാസ്സിലേക്ക് പതിനഞ്ചു വയസ്സും പ്ലസ് വണ്ണിലേക്ക് പതിനെട്ട് വയസ്സുമാണ്. (ഇതിനപ്പുറം പ്രായമുള്ള വിദ്യാർത്ഥികൾക്ക് ഏകജാലകം വഴി പ്രവേശനം നൽകില്ലെങ്കിലും ജാമിഅതുൽ ഹിന്ദ് ഓഫീസ് വഴി പഠനം ഒരുക്കുന്നതാണ്. ഇതിന് ഓഫീസിൽ നേരിട്ട് ബന്ധപ്പെടുകയാണ് വേണ്ടത്)

7,10 ക്ലാസ്സുകൾ കഴിഞ്ഞവർക്ക് യഥാക്രമം എട്ട്, പതിനൊന്ന് ക്ലാസുകളിലേക്ക് ആപേക്ഷിക്കാം.

**കോഴ്സുകൾ പെൺകുട്ടികൾക്ക് ലഭ്യമാണോ?**

ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്നത് മുസ്‌ലിം ആൺകുട്ടികൾക്ക് മാത്രമാണ്. പൂർണമായും റസിഡൻഷ്യൽ സംവിധാനത്തിലായിരിക്കും കോഴ്സുകൾ.

**ജാമിഅതുൽ ഹിന്ദ് നൽകുന്ന കോഴ്സുകൾ ഏതൊക്കെയാണ്?**

ആഴത്തിലുള്ള ഇസ്‌ലാമിക പഠനവും ഭൗതിക പഠനങ്ങളും സമ്മിശ്രമായി നൽകുന്ന നൂതനവും വ്യതിരിക്തവുമായ കോഴ്സുകളാണ് ജാമിഅതുൽ ഹിന്ദിനുള്ളത്. കോഴ്സുകളുടെ പേരുകൾ ചുവടെ :

1. Foundational & Intermediate Programs
2. Bachelor’s Programs
3. Master’s Programs
4. Research Programs and Projects
5. Advanced Post Graduate Diploma Courses
6. Short-run Courses and Certificate Programs

(സിലബസ് ജാമിഅതുൽ ഹിന്ദ് വെബ്സൈറ്റിൽ (www.jamiathulhind.com) ലഭ്യമാണ്)

**ഏഴാം ക്ലാസ് കഴിഞ്ഞവർക്ക് ഏതു കോഴ്സാണ് നൽകുന്നത്?**

ഏഴാം ക്ലാസ് പൂർത്തിയായവർക്ക് തുടർന്നുള്ള സ്കൂൾ പഠനത്തോടൊപ്പം പ്ലസ് ടു, ഡിഗ്രി, പിജി, പി എച്ച് ഡി വരെ പഠിക്കാനും പാരമ്പര്യ രീതിയിലുള്ള മതപഠനം, ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ (പിജി) വരെയും, ശേഷം തുടർപഠനത്തിനും അവസരം ലഭിക്കുന്നു.

**പത്താം ക്ലാസ് കഴിഞ്ഞവർക്ക് ഏതുതരം കോഴ്സുകളാണ് ലഭിക്കുന്നത്?**

സ്കൂൾ പഠനം പത്താംതരം കഴിഞ്ഞവർക്ക് പ്ലസ് ടു, ഡിഗ്രി, പിജി, പി എച്ച് ഡി വരെയും പാരമ്പര്യ രീതിയിലുള്ള മതപഠനം, ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ (പിജി) വരെയും പഠിക്കാം. തുടർപഠനത്തിനും അവസരമുണ്ട്.

**എൻട്രൻസ് പരീക്ഷയുടെ രൂപവും രീതിയും വിശദമാക്കാമോ?**

J -SAT എൻട്രൻസ് പരീക്ഷയിലൂടെയാണ് വിദ്യാർഥികൾക്ക് ജാമിഅതുൽ ഹിന്ദിന് കീഴിലുള്ള സ്ഥാപനങ്ങളിലേക്ക് പ്രവേശനം ലഭിക്കുക. 75 ശതമാനം എഴുത്തു പരീക്ഷാ ചോദ്യങ്ങൾ സ്കൂൾ സിലബസ് കേന്ദ്രീകരിച്ചും 25 ശതമാനം മതപരമായ ചോദ്യങ്ങളുമായിരിക്കും. മോഡൽ ചോദ്യപേപ്പർ ജാമിഅതുൽ ഹിന്ദ് വെബ്സൈറ്റിൽ ലഭ്യമാണ്. (ചോദ്യങ്ങളുടെ രീതി, അനുപാതം, നിലവാരം എന്നിവയെല്ലാം ജാമിഅത്തുൽ ഹിന്ദ് തീരു

മാനിക്കുന്നതിനനുസൃതമായിരിക്കും). പ്രവേശന പരീക്ഷയും ഇന്റർവ്യൂവും ഒരേ കേന്ദ്രത്തിൽ വെച്ചായിരിക്കും. ഈ കേന്ദ്രം അപേക്ഷ സമയത്ത് വിദ്യാർത്ഥി തിരഞ്ഞെടുക്കേണ്ടതാണ്.

### പരീക്ഷയുടെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

ചുവടെ നൽകുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും വിദ്യാർഥികൾ പാലിക്കേണ്ടതാണ്

- എഴുത്ത് പരീക്ഷക്കും ഇന്റർവ്യൂവിനും ഹാൾ ടിക്കറ്റിൽ നിർദേശിച്ച സമയത്തിന്റെ അരമണിക്കൂർ മുമ്പ് തന്നെ ഹാജരായി പരീക്ഷാസ്ഥലവും മറ്റും കണ്ടെത്തേണ്ടതാണ്.
- പരീക്ഷ തുടങ്ങി ഒരു മണിക്കൂർ കഴിഞ്ഞു വരുന്ന വിദ്യാർത്ഥിക്ക് അവസരം നഷ്ടപ്പെടും. വൈകി വരുന്നവർക്ക് അധിക സമയം അനുവദിക്കുന്നതല്ല.
- പരീക്ഷ ആരംഭിച്ച് ഒരു മണിക്കൂർ കഴിഞ്ഞു മാത്രമേ ഹാളിൽനിന്ന് പുറത്തുപോകാൻ സമ്മതിക്കുകയുള്ളൂ.
- 100 ചോദ്യങ്ങൾ ഒബ്ജക്റ്റീവ് ടൈപ്പ് ആയിരിക്കും.
- ഉത്തരങ്ങൾ OMR ഷീറ്റിൽ രേഖപ്പെടുത്തുകയാണ് വേണ്ടത്. OMR ഷീറ്റ് ഉപയോഗിക്കുന്ന വിധം വിദ്യാർത്ഥി പരീക്ഷക്ക് മുമ്പ് തന്നെ പഠിക്കേണ്ടതാണ്.
- മൂന്നു ചോദ്യങ്ങൾ വാക്യത്തിൽ എഴുതാനുള്ളതായിരിക്കും. ഉത്തരക്കടലാസുകൾ ജാമിഅതുൽ ഹിന്ദ് നൽകും.
- ബ്ലൂ/ബ്ലാക്ക് പേന മാത്രമേ ഉപയോഗിക്കാവൂ. പേന വിദ്യാർത്ഥി കരുതേണ്ടതാണ്.
- പരീക്ഷാഹാളിൽ പ്രവേശിക്കാനും ഇന്റർവ്യൂവിൽ പങ്കെടുക്കാനും ഹാൾ ടിക്കറ്റ് (പ്രിന്റ് കോപ്പി) നിർബന്ധമാണ്. ഹാൾ ടിക്കറ്റ് ഓൺലൈൻ പോർട്ടലിൽ നിന്ന് ഡൌൺലോഡ് ചെയ്യാം.
- പേന, സാധാരണ വാച്ച്, ഹാൾ ടിക്കറ്റ് എന്നിവക്ക് പുറമേ വിദ്യാർത്ഥി ഒന്നും കൈവശം വെക്കാൻ പാടില്ല. കാൽക്കുലേറ്റർ, മൊബൈൽ ഫോൺ തുടങ്ങിയ എല്ലാ ഉപകരണങ്ങളും പരീക്ഷ ഹാളിൽ നിരോധിച്ചിരിക്കുന്നു.
- ഇന്റർവ്യൂ സമയത്ത് മാർക്ക്‌ലിസ്റ്റുകൾ, ഹിഫ്ള് സർ

ട്ടിഫിക്കറ്റ്, ജാമിഅ മഹ്റജാൻ, SSF സാഹിത്യോത്സവ്, IAME ഫെസ്റ്റുകൾ, സ്കൂൾ കലോത്സവങ്ങൾ, സ്കോളർഷിപ്പുകൾ, തുടങ്ങിയ എല്ലാ രേഖകളുടെയും ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതും ഇന്റർവ്യൂ ചെയ്യുന്ന വ്യക്തിയെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

- വായനാക്ഷമത, മറ്റു കഴിവുകൾ തുടങ്ങിയവയായിരിക്കും ഇന്റർവ്യൂവിൽ പ്രധാനമായും ചോദിക്കുക.
- പരീക്ഷ, ഇന്റർവ്യൂ ഇവയുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ വിദ്യാർത്ഥികളെ അതാതു സമയം ഓൺലൈൻ പോർട്ടൽ വഴി അറിയിക്കുന്നതാണ്. എല്ലാം യഥാസമയം അറിഞ്ഞിരിക്കുകയും പിന്തുടരുകയും ചെയ്യുക.

## എന്നുമുതൽ അപേക്ഷിച്ചു തുടങ്ങാം? അവസാന തീയതി?

2025 മാർച്ച് 20 മുതൽ ഏപ്രിൽ 18 വരെ ഓൺലൈൻ വഴി അപേക്ഷിക്കാം.

## സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?

ഓരോ വിദ്യാർത്ഥിയുടെയും ജീവിതത്തിലെ ഏറ്റവും വലിയ ചുവടുവെപ്പാണിത്. ഓരോ വിദ്യാർത്ഥിയുടെ യും അഭിരുചികൾ വ്യത്യസ്തമാണ്. ഓരോ ക്യാമ്പസുകളും കോഴ്സുകൾ രൂപപ്പെടുത്തുന്നതും അവ വിദ്യാർത്ഥികൾക്ക് നൽകുന്നതും വ്യത്യസ്ത രീതികളിലാണ്. ഭക്ഷണ, താമസ സൗകര്യങ്ങളിലും ചിട്ടകളിലും അടിസ്ഥാന സൗകര്യങ്ങളിലും വ്യത്യാസങ്ങൾ ഉണ്ടാകാം. ഓരോ വിദ്യാർത്ഥിയും രക്ഷിതാവും പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് നന്നായി പഠിക്കേണ്ടത് അനിവാര്യമാണ്. സ്ഥാപനം സംരക്ഷിച്ചു പോരുന്ന നിയമങ്ങളും വിദ്യാഭ്യാസ ചിട്ടകളും നന്നായി ബോധ്യപ്പെടണം. തുടർന്ന് പരിപൂർണബോധ്യത്തോടെ വേണം അഡ്മിഷൻ പ്രക്രിയയിലൂടെ കടന്നു പോകാൻ. ഓരോ കലാലയങ്ങളും നൽകുന്ന ഊന്നലുകൾ മനസ്സിലാക്കി വേണം തിരഞ്ഞെടുപ്പുകൾ ഉണ്ടാകാൻ എന്ന് സാരം.

കൃത്യതയോടെ അന്വേഷണങ്ങൾ നടത്താതെ, സ്ഥാപനങ്ങളിലെ കോഴ്സുകൾ, സൗകര്യങ്ങൾ എന്നിവയെ

സംബന്ധിച്ച് പിന്നീട് പരാതിപ്പെടുന്നതിൽ അർത്ഥമില്ല. ജാമിഅതുൽ ഹിന്ദ് സംവിധാനം അത്തരം കാര്യങ്ങൾക്കു ള്ള ഉത്തരവാദിത്വം വഹിക്കുന്നതുമല്ല എന്ന് സ്നേഹ പൂർവ്വം ഉണർത്തുന്നു.

**ജാമിഅതുൽ ഹിന്ദ് മുന്നോട്ടുവെക്കുന്ന യോഗ്യതക ൾ പൂർത്തിയാക്കാൻ കഴിയാത്തവർക്ക് അപേക്ഷി ക്കാമോ?**

യോഗ്യതകൾ പൂർത്തിയാക്കാനാകാത്ത വിദ്യാർത്ഥി കൾക്ക് ജാമിഅതുൽ ഹിന്ദുമായി നേരിട്ട് ബന്ധപ്പെടാ വുന്നതാണ്.

**അലോട്ട്മെന്റ് എങ്ങനെയാണ് നടക്കുക?**

നിശ്ചിത തീയതികളിൽ ഒന്ന്, രണ്ട്, സ്പോട് അലോട്ട് മെന്റുകൾ നടക്കും. അലോട്ട്മെന്റുകളെക്കുറിച്ചുള്ള വി വരങ്ങൾ അതാതുസമയത്ത് വിദ്യാർത്ഥികൾക്ക് ഓൺ ലൈൻ പോർടൽ (www.jamiathulhind.com) വഴി ലഭ്യമാകും. സ്പോട് അലോട്മെന്റിലും പങ്കെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് സീറ്റുകളുടെ ലഭ്യതയനുസരിച്ച് ജാ മിഅതുൽ ഹിന്ദ് ഓഫീസ് വഴി പ്രവേശനം അനുവദി ക്കും. ഒന്നാം അലോട്മെന്റിൽ ലഭിച്ച സ്ഥാപനം മാ റ്റി രണ്ടാം അലോട്മെന്റ് മെന്റിന് അപേക്ഷിക്കാൻ അവ സരം ഉണ്ടായിരിക്കും. രണ്ടാം അലോട്മെന്റ് നിരസി ക്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല.

**എന്താണ് സ്പോട് അലോട്മെന്റ് ?**

ജാമിഅതുൽ ഹിന്ദ് നിർദേശിക്കുന്ന കേന്ദ്രത്തിൽ വി ദ്യാർത്ഥി ഹാൾ ടിക്കറ്റുമായി നേരിട്ട് വന്ന് അഡ്മിഷൻ എടുക്കുന്ന രീതിയാണിത്. ഒന്ന്, രണ്ട് അലോട്മെന്റിൽ കിട്ടാത്ത വിദ്യാർത്ഥികൾക്കാണ് ഈ സൗകര്യം. സീറ്റു കൾ ഒഴിവുള്ള സ്ഥപനത്തിലേക്ക് ഒഴിവു ക്രമം അനുസ രിച്ച് സീറ്റ് ലഭിക്കും. ആദ്യം വരുന്ന വിദ്യാർത്ഥിക്കായി രിക്കും ആദ്യ അവസരം.

**അഡ്മിഷൻ എടുക്കേണ്ടത് എങ്ങനെയാണ്?**

അലോട്മെന്റിൽ സീറ്റ് ലഭിച്ച വിദ്യാർത്ഥി രക്ഷിതാവി നോടൊപ്പം പ്രസ്തുത സ്ഥാപനത്തിൽ നേരിട്ടെത്തി അ ഡ്മിഷൻ എടുക്കേണ്ടതാണ്. ഇതിനു നിർദ്ദേശിക്കുന്ന ടൈം ഷെഡ്യൂൾ പ്രത്യേകം പാലിക്കേണ്ടതുമാണ്. അഡ് മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകളെക്കുറിച്ചു

ള്ള വിവരങ്ങൾ വിദ്യാർത്ഥിയെ ഓൺലൈൻ പോർട്ടൽ വഴി അറിയിക്കുന്നതായിരിക്കും.

**ഒരു വിദ്യാർത്ഥിക്ക് ഇഷ്ടമുള്ള 10 സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാമല്ലോ. അതിന്റെ രീതി വ്യക്തമാക്കാമോ?**

വിദ്യാർത്ഥി, താൻ പഠിക്കാൻ ഏറ്റവും ആഗ്രഹിക്കുന്ന സ്ഥാപനം ഒന്നാം ഓപ്ഷനായി നൽകുക. ആ സ്ഥാപനത്തിൽ അഡ്മിഷൻ ലഭിച്ചില്ലെങ്കിൽ പിന്നെ ഏത് ക്യാമ്പസാണ് വേണ്ടത് അത് രണ്ടാമതും അത് ലഭിച്ചില്ലെങ്കിൽ വേണ്ടത് മൂന്നാമതും അങ്ങനെ ക്രമപ്രകാരം 10 വരെ നൽകാം. റാങ്കടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളിൽ ഏതെങ്കിലുമൊന്നിൽ പ്രവേശനം ലഭിച്ചേക്കും. ലഭിച്ചില്ലെങ്കിൽ രണ്ടാം അലോട്മെന്റ് വഴി പ്രവേശനം ലഭിക്കും. അതും ലഭിച്ചില്ലെങ്കിൽ സ്പോട് അഡ്മിഷൻ വഴി ലഭിക്കും.

**അപേക്ഷിച്ച എല്ലാവർക്കും സീറ്റ് ഉറപ്പാണോ?**

ഇന്നത്തെ പ്രത്യേകമായ സാഹചര്യം കണക്കിലെടുത്ത് അപേക്ഷിച്ച എല്ലാവർക്കും സീറ്റ് നൽകാൻ ജാമിഅതുൽ ഹിന്ദ് ശ്രമിക്കുന്നതായിരിക്കും. കേരള മുസ്‌ലിം ജമാഅത്തിന് കീഴിൽ ഇതിനു വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**അപേക്ഷയിൽ തിരഞ്ഞെടുത്ത, പ്രവേശനം ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ പിന്നീട് തിരുത്താൻ കഴിയുമോ?**

ഇല്ല. അതേസമയം ഒന്നാം അലോട്മെന്റിൽ ലഭിച്ച സ്ഥാപനം മാറ്റി രണ്ടാം അലോട്ട്മെന്റിന് അപേക്ഷിക്കാൻ അവസരം ഉണ്ടായിരിക്കും. രണ്ടാം അലോട്മെന്റ് നിരസിക്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല. അതിനാൽ സ്ഥാപനം ശ്രദ്ധയോടെ തിരഞ്ഞെടുക്കണം.

**ജാമിഅതുൽ ഹിന്ദിന് കീഴിൽ എത്ര കോളേജുകളുണ്ട്? എല്ലാ കോളേജുകളിലേക്കുമുള്ള പ്രവേശനം ഏകജാലക പരീക്ഷ വഴി മാത്രമാണോ?**

മുന്നൂറിലധികം സ്ഥാപനങ്ങൾ ജാമിഅതുൽ ഹിന്ദിന് കീഴിലുണ്ട്. എല്ലാ സ്ഥാപനങ്ങളിലേക്കും ഏകജാലകം വഴിയാണ് പ്രവേശനം.

**കേരളത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളെല്ലാം ഇതിന്റെ ഭാഗമാണോ?**

അതെ. സ്ഥാപനങ്ങളുടെ ലിസ്റ്റ് ജാമിഅതുൽ ഹിന്ദ് വെബ്സൈറ്റിൽ ലഭ്യമാണ്.

**മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ നേടാൻ എന്താണ് ചെയ്യേണ്ടത്?**

ഓരോ സ്ഥാപനത്തിലും നിശ്ചിത ശതമാനം മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം അനുവദിക്കും. ഇത്തരം വിദ്യാർത്ഥികൾ അതാതു സ്ഥാപനവുമായി എഴുത്ത് പരീക്ഷയുടെ മുമ്പ് തന്നെ ബന്ധപ്പെടുകയാണ് വേണ്ടത്.

മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടാനും ഏകജാലക സംവിധാനം വഴി അപേക്ഷിക്കലും J-SAT പരീക്ഷ എഴുതലും നിർബന്ധമാണ്. മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കാൻ ഓരോ സ്ഥാപനവും വ്യത്യസ്ത നിബന്ധനകൾ സ്വീകരിച്ചേക്കാം.

**ഒന്നാം അലോട്മെന്റിൽ തിരഞ്ഞെടുത്ത സ്ഥാപനത്തെ നിരസിച്ച് രണ്ടാം അലോട്മെന്റിൽ മറ്റൊരു സ്ഥാപനം തിരഞ്ഞെടുക്കാൻ കഴിയുമോ?**

കഴിയും. ഇതിനു പ്രത്യേകം സമയം ഒന്നാം അല്ലോട്ട്മെന്റിന് ശേഷം അനുവദിക്കും.

**രണ്ടാം അലോട്മെന്റിൽ കിട്ടിയ സ്ഥാപനം ഒഴിവാക്കി സ്പോട് അലോട്മെന്റിൽ  മറ്റൊന്ന് തിരഞ്ഞെടുക്കാൻ കഴിയുമോ?**

ഇല്ല. രണ്ടാം അലോട്മെന്റിൽ ലഭിച്ച സ്ഥാപനം സ്വീകരിക്കലും അഡ്മിഷൻ എടുക്കലും നിർബന്ധമാണ്.

അഥവാ ഒന്നാം അലോട്മെന്റിൽ തിരഞ്ഞെടുത്ത സ്ഥാപനത്തെ നിരസിച്ച് രണ്ടാം അലോട്മെന്റിൽ മറ്റൊരു സ്ഥാപനം തിരഞ്ഞെടുക്കാം. എന്നാൽ രണ്ടാം അലോട്മെന്റിൽ  കിട്ടിയ സ്ഥാപനം ഒഴിവാക്കി സ്പോട് അലോട്മെന്റിൽ മറ്റൊന്ന് തിരഞ്ഞെടുക്കാൻ സാധിക്കുന്നതല്ല.

**പരീക്ഷയിൽ പങ്കെടുക്കാൻ കഴിയാത്ത/സ്പോട് അലോട്മെന്റ്  സീറ്റ് ലഭിക്കാത്ത കുട്ടികൾ എന്ത് ചെയ്യണം?**

ജാമിഅതുൽ ഹിന്ദ് ഓഫീസുമായി നേരിട്ട് ബന്ധപ്പെട്ട് അഡ്മിഷൻ നേടാം.

### ഇഷ്ടപ്പെട്ട സ്ഥാപനം കണ്ടെത്താൻ എന്താണ് ചെയ്യേണ്ടത്?

www.jamiathulhind.com എന്ന വെബ്സൈറ്റിൽ എല്ലാ സ്ഥാപനങ്ങളുടെയും കൃത്യമായ വിവരം ലഭ്യമാണ്. എങ്കിലും തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന ഓരോ സ്ഥാപനങ്ങളെയും നേരിട്ട് കണ്ടു ബോധ്യപ്പെട്ട് സൗകര്യങ്ങളും പഠനരീതിയും മനസ്സിലാക്കി തിരഞ്ഞെടുക്കലാണ് അഭികാമ്യം.

### ജാമിഅതുൽഹിന്ദ് സംവിധാനത്തിന്റെ, കോഴ്സുകളുടെ പ്രത്യേകതകൾ?

- സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ആശയങ്ങളും നിർദ്ദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കുന്ന കേരളത്തിനകത്തും പുറത്തുമുള്ള ക്യാമ്പസുകൾ ജാമിഅതുൽ ഹിന്ദിനു കീഴിൽ അഫിലിയേറ്റ് ചെയ്താണ് പ്രവർത്തിക്കുന്നത്.
- പ്രവേശനം, കരിക്കുലം, പരീക്ഷ തുടങ്ങിയ എല്ലാ അക്കാദമിക കാര്യങ്ങൾക്കും ജാമിഅത്തുൽ ഹിന്ദ് നേരിട്ട് നേതൃത്വം നൽകുന്നു.
- ഇസ്ലാമിക വിഷയങ്ങളിൽ ആധികാരികവും ആഴത്തിലുമുള്ള സിലബസും പാഠ്യ സംവിധാനങ്ങളും ഓരോ കോളേജുകളിലും വിഭാവനം ചെയ്യുന്നു.
- ഇസ്ലാമിക് ഫൗണ്ടേഷൻ കോഴ്സുകൾ മുതൽ ഗവേഷണ പഠനങ്ങൾ വരെ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. ഗവേഷണ കോഴ്സുകൾക്ക് ഉയർന്ന ഫെല്ലോഷിപ്പും നൽകുന്നു.
- എല്ലാ കോഴ്സുകളും സൗജന്യമായാണ് വിദ്യാർത്ഥികൾക്ക് നൽകുന്നത്.
- മത ഭൗതിക സമന്വയ വിദ്യഭ്യാസത്തിന്റെ ഏറ്റവും മികച്ച മാതൃക ജാമിഅതുൽ ഹിന്ദ് സംഘടിപ്പിക്കുന്നു.
- ഏഴാം ക്ലാസ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഭൗതിക രംഗത്ത് എട്ട് മുതൽ പിഎച്ച് ഡി വരെയും മത പഠനം ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ, തഖസ്സുസ് ദക്തൂറ വരെയും പഠന അവസരം.
- പത്താം തരം കഴിഞ്ഞവർക്ക് ഭൗതിക രംഗത്ത് പ്ലസ് വൺ മുതൽ പിഎച്ച്ഡി വരെയും മതപഠനത്തി

ൽ ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ, തഖസ്സുസ് ദക്തൂറ വരെയും അവസരം.

- ഫൗണ്ടേഷൻ (സ്കൂൾ എട്ടാം ക്ലാസ് മുതൽ), ഇന്റർമീഡിയേറ്റ് (പ്ലസ് വൺ മുതൽ) ക്ലാസുകളിലേക്ക് ഏകജാലകം വഴിയാണ് പ്രവേശനം. പിജി, ഗവേഷണ കോഴ്സുകൾക്കും നേരിട്ട് പ്രവേശനം ലഭിക്കും.
- മലയാളം, അറബി, ഉറുദു, ഇംഗ്ലീഷ്, ഹിന്ദി, കന്നഡ, തമിഴ് ഭാഷകളിൽ അധ്യാപനവും അധ്യയനവും ലഭിക്കുന്നതോടൊപ്പം ഒട്ടനേകം വിദേശ ഭാഷകൾ പഠിക്കാനുള്ള സൗകര്യങ്ങളും വിവിധ ക്യാമ്പസുകളിൽ സംഘടിപ്പിക്കുന്നു.
- എല്ലാ തലങ്ങളിലുമുള്ള വിദ്യാർത്ഥികളെയും ഉൾക്കൊള്ളും വിധം വ്യത്യസ്ത സിലബസുകൾ, ശാസ്ത്രീയ പഠന പദ്ധതികൾ ഒരുക്കുന്നു.
- ആഗോള പണ്ഡിതരെ രൂപീകരിക്കുക എന്ന മഹത്തായ ലക്ഷ്യത്തിനായ് വ്യത്യസ്ത പദ്ധതികൾ ആവിഷ്കരിക്കുന്നു.
- പാഠ്യേതര പദ്ധതികൾക്ക് കൂട്ടായ സംവിധാനങ്ങളും പരിശീലനങ്ങളും സാഹിത്യ മത്സരങ്ങളും ജാമിഅതുൽ ഹിന്ദ് സംവിധാനിക്കുന്നു. ക്യാമ്പസുകൾ നൂതനമായ സർഗശേഷി വികസന പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു.
- മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ പഠനം ഒരുക്കുന്നതോടൊപ്പം മെറിറ്റ് കം മീൻസ് സ്കോളർഷിപ്പുകൾ, റിസർച്ച് ഫെല്ലോഷിപ്പുകൾ, റിസർച്ച് പ്രോജക്ടുകൾ ലഭിക്കും.
- ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, സ്റ്റുഡന്റ്സ് എൻറിച്ച്മെന്റ് പ്രോഗ്രാംസ്, അഡ്വാൻസ്ഡ് ലീഡർഷിപ് ട്രെയിനിങ്, ഗ്ലോബൽ ലാംഗ്വേജ് മാസ്റ്ററി കോഴ്സുകൾ, സ്റ്റുഡന്റ്സ് ആൻഡ് ഫാക്കൽറ്റി എക്സ്ചേഞ്ച് പ്രോഗ്രാമുകൾ എന്നിവക്ക് പുറമെ ദേശീയ, അന്തർദേശീയ മത്സരങ്ങളിലും പ്രോഗ്രാമുകളിലും പങ്കെടുക്കാനുള്ള ട്രെയിനിങ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.
- ടാലന്റ് ടെസ്റ്റുകൾ, എക്സലൻസ് അവാർഡുകൾ, വർഷാവർഷം ജാമിഅ മഹർജാൻ, ദേശീയഅന്തർദേശീയ സർവ്വകലാശാലകളുമായി അക്കാദമിക് സഹകരണങ്ങൾ.

- സിവിൽ സർവീസ് പരീക്ഷകൾക്ക് ഫൗണ്ടേഷൻ കോഴ്സുകൾ, ഇന്റെൻസീവ് കോഴ്സുകൾ, NET/JRF പരീക്ഷകൾക്ക് പ്രത്യേകം കോച്ചിംഗ്, അന്തർദേശീയ വിദേശ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിന് പ്രത്യേകം പരിശീലനം തുടങ്ങിയ വിദ്യാർത്ഥികളെ ഉന്നത പൗരന്മാരാക്കുന്ന അനേകം കോച്ചിങ്ങുകൾ വിവിധ സ്ഥാപനങ്ങളിൽ വ്യത്യസ്ത രീതിയിൽ സജ്ജീകരിച്ചിരിക്കുന്നു.

**അഡ്മിഷൻ, അലോട്ട്മെന്റ്, അപേക്ഷ തുടങ്ങിയവയെക്കുറിച്ച് വിശദ വിവരങ്ങൾ ലഭിക്കാൻ എന്ത് ചെയ്യണം?**

ജാമിഅതുൽ ഹിന്ദ് വെബ്സൈറ്റിൽ എല്ലാം വിശദമായി നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളും രക്ഷിതാക്കളും നിർബന്ധമായും എല്ലാം വായിക്കണം. ഇംഗ്ലീഷ്, മലയാളം, കന്നഡ ഭാഷകളിൽ ഇവ ലഭ്യമാണ്.

**ജാമിഅതുൽ ഹിന്ദിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മതപഠനം നിർബന്ധമാണോ?**

അതെ. ആഴത്തിലുള്ള മതപഠനമാണ് മുഖ്യ ലക്ഷ്യം. അതോടൊപ്പം ഉന്നത ഭൗതിക വിദ്യഭ്യാസവും നൽകുന്നു.

**വിദ്യാർത്ഥികളുടെ യൂണിഫോം എന്തായിരിക്കും?**

അതാതു നാട്ടിലെ മുസ്‌ലിം മത പണ്ഡിതരുടെ വേഷമായിരിക്കും യൂണിഫോം. സ്ഥാപനങ്ങൾക്കനുസരിച്ച് ചെറിയ മാറ്റങ്ങൾ ഉണ്ടായിരിക്കാം.

**കോഴ്സ് ആരംഭിച്ചതിനു ശേഷം വിദ്യാർത്ഥിക്ക് സ്ഥാപനം മാറാൻ സാധിക്കുമോ?**

ഒന്നാം സെമസ്റ്റർ പരീക്ഷക്ക് മുമ്പ് ചില ഉപാധികളോടെ മാറാവുന്നതാണ്.

**ഇനിയും സംശയങ്ങൾ ബാക്കിയാണോ?**

എങ്കിൽ വിളിക്കൂ:

+91 62354 92844, 0495-277 2844